# INDIAN SCHOOL AL WADI AL KABIR

## MID TERM EXAMINATION 2021- 22

## CLASS: IX , MALAYALAM

## മലയാളം

**Time allowed :1½ Hours.** **Maximum Marks: 40**

അനുവദിച്ച സമയം :1½ മണിക്കൂർ ആകെ മാർക്ക് : **40**

**General Instructions:** **Date: 28-09-2021**

**i. There are 40 questions.**

**ii. Each question carries one mark.**

**iii. All questions are compulsory.**

**iv. Choose only one answer from the options given below each question.**

---

**SECTION - A**

**Reading Comprehension**

I.താഴെ കൊടുത്തിരിക്കുന്ന ഖണ്ഡികകൾ വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ശരിയുത്തരം എടുത്തെഴുതുക.

അജയ്യമായ ശക്തി വിശേഷത്തിന് ഉടമകളാണ് മനുഷ്യർ. വിവേകവും ചിന്തയും ഭാവനയും സർഗ്ഗവൈഭവവും മനുഷ്യർക്ക് മാത്രമേയുള്ളൂ. ഈ ഗുണങ്ങൾ കൊണ്ടാണ് മനുഷ്യൻ അർദ്ധവാനരത്വത്തിൽ നിന്നും നരനായി ഉയർന്നതും മറ്റ് തരത്തിലുള്ള പുരോഗതികൾ നേടിയതും.മനുഷ്യരെക്കാൾ കരുത്തും ശരീരബലവും വലിപ്പവുമുള്ള എത്രയോ ജീവജാലങ്ങൾ കടലിലും കരയിലുമായി വിഹരിക്കുന്നു. ആകാശത്തിന്റെ അതിരുകളിലേക്ക് പറക്കുന്ന പക്ഷികൾ, ശക്തിയും ക്രൂരതയും ഉള്ള വന്യമൃഗങ്ങൾ ഇവയുമായി താരതമ്യം ചെയ്യുമ്പോൾ മനുഷ്യൻ എത്ര നിസ്സാരൻ! മറ്റു മൃഗങ്ങൾക്കൊപ്പം ആദിമ മനുഷ്യനും വനത്തിൽ ജീവിച്ചതാണ്. എന്നാൽ മനുഷ്യനു വന്ന മാറ്റം മറ്റുള്ളവയ്ക്ക് ഉണ്ടായില്ല. മനുഷ്യന്റെ വിശേഷബുദ്ധിയാണ് അവനു വന്ന മാറ്റത്തിനു കാരണം.

മനുഷ്യന്റെ ഭാവനാശക്തിയും അജയ്യമാണ്. ഭാവനയിലൂടെ കാണുന്ന കാര്യങ്ങളാണ് പിന്നീട് പ്രവൃത്തി പഥത്തിലെത്തുന്നത്. ശുഭാപ്തിവിശ്വാസികളായ കവികളും കലാകാരന്മാരും തങ്ങളുടെ സർഗ്ഗ വൈഭവത്തിലൂടെ മനുഷ്യരാശിയെ പുരോഗതിയിലേക്ക് നയിക്കുന്നു. ജാതിമത വേർതിരിവുകളും ദുഷ്പ്രഭുത്വവും അധികാര ദുർവിനിയോഗവും ജനങ്ങളെ ഇരുട്ടിലേക്ക് തള്ളുമ്പോൾ പ്രകാശത്തിന്റെ നറുരശ്മി തെളിക്കുന്നത് സർഗ്ഗ പ്രതിഭകളാണ്. അവർ കാണിക്കുന്ന ഇത്തിരിവെട്ടം വീണ്ടും നമ്മെ പുരോഗതിയിലേക്ക് നയിക്കുന്നു.

ആദ്യകാലത്ത് നദീതടങ്ങളിൽ രൂപം കൊണ്ട സംസ്കാരങ്ങളാണ് ഇന്ന് ലോകമെങ്ങും പടർന്നു പന്തലിച്ചത്. ചക്രത്തിന്റെകണ്ടുപിടുത്തം, ഇരുമ്പിന്റെ കണ്ടുപിടുത്തം, തീയുടെ കണ്ടുപിടുത്തം മുതലായവ നമ്മുടെ പുരോഗതിക്ക് ആക്കം കൂട്ടി. ശാസ്ത്രസാങ്കേതിക വിദ്യയുടെ വളർച്ച മനുഷ്യപുരോഗതിയുടെ വേഗത കൂട്ടി. മുങ്ങിക്കപ്പലുകൾ,സൂപ്പർസോണിക് വിമാനങ്ങൾ, വെടിയുണ്ടകൾ, ആണവായുധങ്ങൾ തുടങ്ങിയ കണ്ടുപിടിത്തങ്ങളിലൂടെ പ്രപഞ്ചത്തിൽ മനുഷ്യൻ സർവ്വശക്തനായി. വൈദ്യുതി, കമ്പ്യൂട്ടർ തുടങ്ങി എണ്ണമറ്റ കണ്ടുപിടിത്തങ്ങളിലൂടെ ലോകം കൈപ്പിടിയിലൊതുക്കാൻ മനുഷ്യന് സാധിച്ചു. ഭൂമിക്കപ്പുറം ബഹിരാകാശത്തും അവൻ തന്റെ ആധിപത്യം ഉറപ്പിച്ചു. കരയിലും കടലിലും ആകാശത്തും ഒരുപോലെ വിഹരിക്കാൻ അവന് കഴിഞ്ഞു. മരുന്നുകളിലൂടെ ആരോഗ്യം വർധിപ്പിക്കാൻ കഴിഞ്ഞ മനുഷ്യൻ സമയവും ദൂരവും
വളരെ നിസ്സാരമാക്കി.

മതങ്ങളും തത്വശാസ്ത്രങ്ങളും ഭരണകൂടങ്ങളുമെല്ലാം മനുഷ്യന്റെ സർഗ്ഗാത്മകതയെ വിലയ്ക്കുവാങ്ങാൻ ശ്രമിച്ചിരുന്നു. മനുഷ്യഭാവനയെയും
ആത്മവിശ്വാസത്തെയും ഇച്ഛാശക്തിയെയും ആർക്കും തകർക്കുവാനാവില്ല.
സ്വപ്നങ്ങളുടെയും പ്രതീക്ഷകളുടെയും കാവൽക്കാരാണ് സർഗധനരായ മനുഷ്യർ.
മനുഷ്യന്റെ തലച്ചോറിൽ നിന്നും വികസിച്ച സുന്ദരമായ അനുഭൂതികളാണ് ലോകത്ത് നാം കാണുന്ന എല്ലാ പുരോഗതിക്കും അടിസ്ഥാനം. മനുഷ്യന്റെ സർഗവൈഭവം

തന്നെയാണ് ലോകത്തിന്റെ വളർച്ചയ്ക്ക് ആധാരം. ഇനി നാളെ അവൻ അനന്തഗോളങ്ങളെയും കീഴടക്കും.

1) അർദ്ധവാനരത്വത്തിൽ നിന്നും മനുഷ്യനെ പുരോഗതിയിലേക്ക് ഉയർത്തിയ ഗുണങ്ങളിൽ ഉൾപ്പെടുന്നത് ഏത് ?

a) വികാരം

b) വിവേകം

c) സുഖലോലുപത

d) ആർഭാടം

2) ശുഭാപ്തിവിശ്വാസികളായ കവികളും കലാകാരന്മാരും തങ്ങളുടെ ഏത് വൈഭവത്തിലൂടെയാണ് മനുഷ്യരാശിയെ പുരോഗതിയിലേക്ക് നയിക്കുന്നത് ?

a) സർഗ്ഗ വൈഭവത്തിലൂടെ

b) ലോകവീക്ഷണത്തിലൂടെ

c) ആത്മസമർപ്പണത്തിലൂടെ

d) ചിന്താഗതിയിലൂടെ

3) ലോകം കൈപ്പിടിയിലൊതുക്കാൻ മനുഷ്യന് സാധിച്ച പ്രധാനപ്പെട്ട കണ്ടുപിടിത്തങ്ങൾ ഏവ ?

a) ചക്രം, വസ്ത്ര നിർമ്മാണം

b) അച്ചടി, സിനിമ

c) വിമാനം, എണ്ണ ഖനനം

d) വൈദ്യുതി, കമ്പ്യൂട്ടർ

4) മതങ്ങളും തത്വശാസ്ത്രങ്ങളും ഭരണകൂടങ്ങളുമെല്ലാം വിലയ്ക്കുവാങ്ങാൻ ശ്രമിച്ചിരുന്നതെന്താണ്?

a) മനുഷ്യന്റെ പണത്തെ

b) മനുഷ്യന്റെ നന്മയെ

c) മനുഷ്യന്റെ സർഗ്ഗാത്മകതയെ

d) മനുഷ്യന്റെ കരുണയെ

5) ' മനുഷ്യനു വന്ന മാറ്റം മറ്റുള്ളവയ്ക്ക് ഉണ്ടായില്ല ' മനുഷ്യനു വന്ന മാറ്റത്തിനു കാരണമെന്ത് ?

a) വിശേഷബുദ്ധി

b) സാമൂഹികജീവിതം

c) അത്യാഗ്രഹം

d) സഹോദരസ്നേഹം

6) സർഗധനരായ മനുഷ്യർ എന്തിന്റെ കാവൽക്കാരാണ് ?

a) ലോകത്തിന്റെ

b) സ്വപ്നങ്ങളുടെയും പ്രതീക്ഷകളുടെയും

c) സാഹിത്യത്തിന്റെ

d) അനന്തഗോളത്തിൻ്റെ

7) ലോകത്ത് നാം കാണുന്ന എല്ലാ പുരോഗതിക്കും അടിസ്ഥാനം എന്താണ് ?

a) ദുഷ്പ്രഭുത്വവും അധികാരദുർവിനിയോഗവും

b) കരുത്തും ശരീരബലവും

c) മനുഷ്യന്റെ തലച്ചോറിൽ നിന്നും വികസിച്ച സുന്ദരമായ അനുഭൂതികൾ

d) ശക്തിയും ക്രൂരതയും

8) ഇന്ന് ലോകമെങ്ങും പടർന്നു പന്തലിച്ച സംസ്കാരങ്ങൾ ആദ്യകാലത്ത് രൂപം കൊണ്ടത് എവിടെയാണ് ?

a) താഴ് വരകളിൽ

b) പർവതങ്ങളിൽ

c) നദീതടങ്ങളിൽ

d) വനങ്ങളിൽ

## SECTION - B

## Vocabulary Building & Grammar

9)" ഞാൻ എന്റെ കഥ അങ്ങോട്ടും പറഞ്ഞു" ഈ വാക്യത്തിന്റെ പ്രയോഗം മാറ്റിയ ശരിയായ രൂപമേത് ?

a) ഞാൻ എന്റെ കഥ അങ്ങോട്ടും പറയപ്പെട്ടു.

b) എന്നാൽ എന്റെ കഥ അങ്ങോട്ടും പറയപ്പെട്ടു.

c) ഞാനാൽ എന്റെ കഥ അങ്ങോട്ടും പറയപ്പെട്ടു.

d) എന്നാൽ എന്റെ കഥ അങ്ങോട്ടും പറഞ്ഞു.

10) " അയാൾ എന്റെ ഫ്ളാറ്റിൽ വന്ന് പേഴ്സ് തിരികെ തന്നു "     ഈ വാക്യത്തിന്റെ അർത്ഥം മാറാതെയുള്ള ശരിയായ നിഷേധ രൂപം ഏതാണ് ?

a) അയാൾ എന്റെ ഫ്ളാറ്റിൽ വന്ന് പേഴ്സ് തിരികെ തന്നില്ല..

b) അയാൾ എന്റെ ഫ്ളാറ്റിൽ വന്ന് പേഴ്സ് തിരികെ തരാതിരുന്നില്ല..

c) അയാൾ എന്റെ ഫ്ളാറ്റിൽ വന്ന് പേഴ്സ് തിരികെ തന്നിരിക്കില്ല.

d) അയാൾ എന്റെ ഫ്ളാറ്റിൽ വന്ന് പേഴ്സ് തിരികെ തരില്ല.

11) ‘ദാർശനികൻ’ എന്ന പദത്തിന്റെ എതിർലിംഗം ഏത്?

a) ദാർശനികി

b) ദാർശനികർ

c) ദാർശനിക

d) ദാർശനി

12) തന്നിരിക്കുന്നവയിൽ ശരിയായ പദം ഏതാണെന്ന് കണ്ടെത്തുക

a) ഗ്രാമവീധി

b) ഗ്രാമവീതി

c) ഗ്രാമവീദി

d) ഗ്രാമവീഥി

13) ‘കുട്ടി’ എന്ന പദത്തിന്റെ പര്യായപദങ്ങൾ ഏത് ?

a) സുതൻ, തനയൻ

b) ശിശു, അർഭകൻ

c) തോഴി, ആളി

d) തനയ , ആത്മജ

14) ‘ഉത്തമം’ എന്ന പദം ഏതു വാക്കിന്റെ വിപരീതപദം ആണ് ?

a) അധമം

b) അധികം

c) ഉജ്ജ്വലം

d) ഉന്നതം

15) ‘പൊരുൾ’ എന്ന പദത്തിന്റെ നാനാർത്ഥമായി ഉപയോഗിക്കാവുന്ന വാക്ക് ഏത് ?

a) രക്ഷ

b) വാസം

c) അർത്ഥം

d) ശരീരം

16) ‘ജലം - ജാലം’ എന്നീ വാക്കുകളുടെ അർത്ഥവ്യത്യാസം ഏത് ?

a) ശാഖ, കൂട്ടം

b) വെള്ളം, കൂട്ടം

c) കരച്ചിൽ, ഭക്ഷണം

d) ലക്ഷ്യം, ഏകദേശം

17) ‘വണ്ടിക്കാള’ വിഗ്രഹിക്കുന്നത് എങ്ങനെ?

a) വണ്ടിയുടെ കാള

b) വണ്ടിയ്ക്കുള്ള കാള

c) വണ്ടിയിലെ കാള

d) വണ്ടി വലിക്കുന്ന കാള

18) ‘ആത്മാർപ്പണം’ പിരിച്ചെഴുതുന്നത് എങ്ങനെ ?

a) ആത്മാ + അർപ്പണം

b) ആത്മ + അർപ്പണം

c) ആത്മം + അർപ്പണം

d) ആത്മ + ആർപ്പണം

19) ‘നക്ഷത്രം’ എന്ന പദത്തിന്റെ പര്യായപദം അല്ലാത്തതേത് ?

a) താരം

b) താരകം

c) വഞ്ചി

d) ഉഡു

20) 'സജീവം' എന്ന പദത്തിന്റെ വിപരീതപദം ഏത് ?

a) സുജീവം

b) നിർജ്ജീവം

c) രാജീവം

d) ദുർജ്ജീവം

## SECTION - C

## Literature ( Prose , Poetry )

21) 'തത്ത്വചിന്തയെ അത്രയ്ക്കു സ്നേഹിക്കുന്ന ആ നല്ല മനുഷ്യൻ' എന്ന് നിത്യചൈതന്യയതി പറയുന്നത് ആരെക്കുറിച്ചാണ് ?

a) ദാമോദറിനെക്കുറിച്ച്

b) രാംഗോപാൽ മിശ്രയെക്കുറിച്ച്

c) കർത്താർസിങിനെക്കുറിച്ച്

d) വെയിറ്ററെക്കുറിച്ച്

22) 'കാളകൾ' എന്ന കവിത ഏതു കൃതിയിൽ നിന്ന് എടുത്തിട്ടുള്ളതാണ്?

a) ഓർക്കുക വല്ലപ്പോഴും

b) മുൾക്കിരീടം

c) കാടാറുമാസം

d) രണഭേരി

23) വിക്ടോറിയാ വെള്ളച്ചാട്ടം കണ്ടെത്തി ലോകപ്രസിദ്ധമാക്കിയത് ആര് ?

a) വിക്ടർ ജോർജ്ജ്

b) ഡേവിഡ് ലിവിങ്സ്റ്റൺ

c) കൊളംബസ്

d) സന്തോഷ് ജോർജ്ജ്

24) നിത്യചൈതന്യയതി തീവണ്ടിയിൽ നിന്ന് പുറത്തിറങ്ങിയത് എന്തിന് ?

a) സ്ഥലം കാണുന്നതിന്

b) സുഹൃത്തിനെ കാണാൻ

c) ചായ കുടിക്കുന്നതിന്

d) പുസ്തകം വാങ്ങുന്നതിന്

25) സന്ധ്യയ്ക്ക് വിഷക്കാവിൽ വെളിച്ചമകറ്റാൻ ദുർമന്ത്രവാദം ചെയ്യുന്നത് ആര് ?

a) യാത്രക്കാർ

b) പ്രാവുകൾ

c) മൂങ്ങകൾ

d) മൈനകൾ

26) 'വിധേയൻ' എന്ന ചലച്ചിത്രം സംവിധാനം ചെയ്തത് ആര് ?

a) അടൂർ ഗോപാലകൃഷ്ണൻ

b) പത്മരാജൻ

c) ഭരതൻ

d) ഐ.വി. ശശി

27) 'മരണമെന്ന വാതിലിനപ്പുറം' ആരുടെ കൃതിയാണ് ?

a) സക്കറിയ

b) ശ്രീ നാരായണഗുരു

c) ഉള്ളൂർ

d) നിത്യചൈതന്യയതി

28) "അവ നമ്മെ വധിക്കുന്നത് വെറും വിരസത കൊണ്ടു മാത്രം" എന്തിനെക്കുറിച്ചാണ് സക്കറിയ ഇങ്ങനെ പറയുന്നത് ?

a) തവളകളെക്കുറിച്ച്

b) നീർനായ്ക്കളെക്കുറിച്ച്

c) മീനുകളെക്കുറിച്ച്

d) ഹിപ്പോപ്പൊട്ടാമസിനെക്കുറിച്ച്

29) കർത്താർ സിങ് വിവാഹം കഴിക്കാതിരുന്നത് എന്തു കൊണ്ട് ?

a) അച്ഛൻ മരിച്ചതുകൊണ്ട്

b) ജോലി ലഭിക്കാത്തതു കൊണ്ട്

c) അമ്മയെ സേവിക്കാൻ തീരുമാനിച്ചതു കൊണ്ട്

d) വീടില്ലാത്തതുകൊണ്ട്

30) ദൈവം മനുഷ്യന് വിവേകം നൽകിയിരിക്കുന്നത് എന്തിനാണെന്നാണ് രാംഗോപാൽ മിശ്ര പറയുന്നത് ?

a) അറിവ് നേടാൻ

b) ആപത്തിൽ അന്യോന്യം സഹായിക്കാൻ

c) പണം സമ്പാദിക്കാൻ

d) ദൈവത്തെക്കുറിച്ചറിയാൻ

31) പ്രഭാതത്തിൽ താമരക്കുളത്തിലേക്ക് കുടവുമായി പോകുന്നത് ആരാണ് ?

a) വഴിയാത്രക്കാർ

b) കൃഷിക്കാർ

c) കന്യകമാർ

d) തത്തകൾ

32) മധ്യാഹ്നവും അർദ്ധരാത്രി പോലെ അനുഭവപ്പെടുന്നത് ആർക്കാണ് ?

a) ആത്മവിശ്വാസം ഉള്ളവന്

b) മനസ്സിൽ നൈരാശ്യമുള്ളവന്

c) സ്വച്ഛവിവേകമുള്ളവന്

d) ശുഭം പ്രതീക്ഷിക്കുന്നവന്

33) "ഒട്ടേറെയപൂർവ്വമായി കേട്ടിടാം" എന്താണ് അപൂർവമായി കേൾക്കാറുള്ളത് ?

a) ബന്ധുക്കളുടെ വിലാപം

b) വണ്ടിത്തണ്ടിന്റെ ഞരക്കം

c) വണ്ടിക്കാരന്റെ    മൂളിപ്പാട്ട്

d) വണ്ടിക്കാരന്റെ കരച്ചിൽ

34) തിരുവിതാംകൂർ ഗവൺമെന്റിലെ ദിവാൻ പേഷ്കാർ എന്ന നിലയിൽ വ്യക്തിമുദ്ര പതിപ്പിച്ച കവി ആര് ?

a) പി. ഭാസ്കരൻ

b) ഉള്ളൂർ

c) കുമാരനാശാൻ

d) ചെറുശ്ശേരി

35) ലേഖകന്റെ അഭിപ്രായത്തിൽ മാനവികതയുടെ ആത്മാവ് നിറഞ്ഞു നിൽക്കുന്നത് എവിടെ ?

a) സ്നേഹത്തിൽ

b) കരുണയിൽ

c) വിനയത്തിൽ

d) അമ്മ എന്ന രണ്ടക്ഷരത്തിൽ

36) ഉച്ചയ്ക്കു വഴിവക്കിലെ പേരാലിൻ ചുവട്ടിൽ സ്വച്ഛനിദ്രയിൽ ശയിക്കുന്നതാര് ?

a) പഥികർ

b) കൃഷിക്കാർ

c) പാട്ടുകാർ

d) കാളകൾ

37) 'സ്വച്ഛവിവേകദീപം അകത്തു കത്തുന്നിടത്തോളം' ധീരൻ എന്ത് ചെയ്യില്ല എന്നാണ് കവി പറയുന്നത്?

a) ഭയപ്പെടില്ല

b) ഉറങ്ങുകയില്ല

c) വിഷാദമേന്തില്ല

d) സന്തോഷിക്കില്ല

38) വിക്ടോറിയാ വെള്ളച്ചാട്ടത്തെ നാട്ടുകാർ എന്താണ് വിളിച്ചിരുന്നത് ?

a) ഇടിമുഴക്കമുള്ള സ്ഥലം

b) ശബ്ദമുള്ള പുകയുള്ളിടം

c) ഇരുട്ടിന്റെ ഉറവിടം

d) വെൺപതയുള്ള വെള്ളച്ചാട്ടം

39) അന്തിയായാൽ മിന്നാമിനുങ്ങ് ത്വരയാർന്നിരിക്കുന്നതെന്തിന് ?

a) വിളക്ക് കത്തിക്കുന്നതിന്

b) കണ്ണീരൊലിപ്പിക്കുന്നതിന്

c) ഉണരുന്നതിന്

d) വിജയിക്കുന്നതിന്

40) ഒടുവിൽ മെല്ലെ നാഗത്തെപ്പോലെ മുൻപിൽ കണ്ട അളയിലേക്ക് ഇഴഞ്ഞു പോവുന്നതെന്ത് ?

a) ഹിപ്പോകൾ

b) ചീങ്കണ്ണികൾ

c) മീനുകൾ

d) സാംബസി നദി

*****